88 (2399) മണ്ണെണ്ണ ബിസിനസ്സ് നടത്തുന്നയാളിനെപ്പറ്റി പരാതി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കിടങ്ങാപ്പറമ്പ് ക്ഷേത്രത്തിന് കിഴക്കുവശം ടാങ്കറുകളിലും മറ്റും മണ്ണെണ്ണ ബിസിനസ്സ് നടത്തുന്ന "മണ്ണെണ്ണ രാജു" എന്ന ആളിനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയുടെ വെളിച്ചത്തിൽ അന്വേഷണം നടത്തിയോ;

(സി) വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) പരാതി ഒന്നും ലഭിച്ചിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

89 (2400) കോളേജ്വക മണി മോഷണംപോയ സംഭവം

ശ്രീ. കെ.കെ. രാമചന്ദ്രനൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസം കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ നടന്ന അക്രമസംഭവങ്ങളെത്തുടർന്ന് കോളേജ്വക "മണി" ബലമായി അഴിച്ചെടുത്തുകൊണ്ടുപോയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണി ബലമായി അഴിച്ചെടുത്ത അക്രമിയെ കോളേജ് അധികൃതർ ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടും പോലീസ് നടപടി സ്വീകരിച്ചില്ലെന്ന് പരാതി കിട്ടിയിട്ടുണ്ടോ;

(സി) അക്രമി എടുത്തുകൊണ്ടുപോയ മണി തിരികെ ലഭിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അത്തരം പരാതി ലഭിച്ചിട്ടില്ല.

(സി) 12-3-2000-ന് രാവിലെ 9.15-ന് കോളേജ് ഗ്രൗണ്ടിൽ തെക്കുപടിഞ്ഞാറുഭാഗത്തനിന്നും കൂത്തുപറമ്പ് സബ്ഇൻസ്പെക്ടർ കണ്ടെടുത്ത മണി കോളേജ് പ്രിൻസിപ്പലിനെ ഏൽപ്പിച്ചിട്ടുണ്ട്.

90 (2401) കാസർഗോഡ് ജില്ലയിലെ കേസ്സുകൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികളെ പിടിക്കാത്ത എത്ര കൊലപാതക കേസ്സുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഏതെല്ലാം കേസ്സുകളാണെന്ന് അറിയിക്കുമോ;

(സി) എന്തുകൊണ്ടാണ് പ്രതികളെ അറസ്റ്റു ചെയ്യാത്തത് എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly